പ്രൈവറ്റ് മെമ്പേഴ്സ് ഡേ ഫലപ്രദമാകും. ഏറ്റവും നല്ല ഒരു നിർദ്ദേശമാണത്. പക്ഷെ അത് നമ്മൾ ഗൗരവമായി ആലോചിക്കണം. നമ്മൾ എല്ലാം കൂടിയിരുന്ന് (നമുക്ക് ലീഡേഴ്സ് മീറ്റിംഗും ബി.എ.സി.യുമെല്ലാം കൂടിയിരുന്ന്) ചർച്ച ചെയ്ത് ഭാവിയിൽ ആ കാര്യത്തെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുക്കാം. ഇപ്പോൾതന്നെ 15 മിനിറ്റു പോയി. അതുകൊണ്ട് ബിസിനസിലേക്ക് കടക്കുകയാണ്.

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 28-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

X. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 1998-ലെ കേരള കൽമട തൊഴിലാളികൾ (ജോലി സ്ഥിരത ഉറപ്പു നൽകലും സേവന വ്യവസ്ഥകൾ നിർണ്ണയിക്കലും പൊതുനൻമാ ധനസഞ്ചയം രൂപീകരിക്കലും) ബിൽ†

ശ്രീ. വി. ബാലറാം : 1998-ലെ കേരള കൽമട തൊഴിലാളികൾ (ജോലി സ്ഥിരത ഉറപ്പുനൽകലും സേവന വ്യവസ്ഥകൾ നിർണ്ണയിക്കലും പൊതു നന്മധനസഞ്ചയം രൂപീകരിക്കലും) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ.എം. അഗസ്തി : പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു.

ശ്രീ. വി. ബാലറാം : നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് മൂന്നു ലക്ഷത്തോളം കൽമട തൊഴിലാളികളുണ്ടെന്നാണ് ഏകദേശ കണക്ക്. കൽമട എന്നുപറയുമ്പോൾ കരിങ്കൽ ക്വാറികളും അതുപോലെ നാടൻ കല്ലുകൾ ഖനനം ചെയ്യുന്ന ക്വാറികളും ഉൾപ്പെടുന്നതാണ്. യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്ത് ലൈസൻസുള്ള കരിങ്കൽ ക്വാറികളും ലൈസൻസില്ലാത്ത കരിങ്കൽ ക്വാറികളുമുണ്ട്. അതിന്റെ യഥാർത്ഥത്തിലുള്ള കണക്ക് നമ്മുടെ സംസ്ഥാനഗവൺമെന്റിന്റെ കൈയിൽ പോലുമുണ്ടോ എന്നുള്ളകാര്യം സംശയമാണ്. ലൈസൻസുള്ള ക്വാറികളിൽ നിന്നും ലൈസൻസില്ലാത്ത ക്വാറികളിൽ നിന്നും ഇപ്പോൾ കരിങ്കല്ലും പാറയും പൊട്ടിക്കുന്നുണ്ട്. ഇങ്ങനെ പാറ പൊട്ടിക്കുന്ന മൂന്നുലക്ഷത്തോളം വരുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ... നമ്മുടെ തീരദേശമൊഴിച്ച് ഒട്ടുമിക്ക സ്ഥലങ്ങളിലും പാറകളുണ്ട്. അതിൽതന്നെ ഫോറസ്റ്റ് ക്വാറികളുമുണ്ട്, സ്വകാര്യ ക്വാറികളുമുണ്ട്. ഫോറസ്റ്റ് ക്വാറികൾക്ക് ഇപ്പോൾ ചില നിബന്ധനകൾ വന്നു. അവിടെ പാറവെട്ടുന്നത് തടസ്സപ്പെട്ടിരിക്കുകയാണ്. വെട്ടുകല്ലിനെ സംബന്ധിച്ചാണെങ്കിലും കരിങ്കല്ലിനെ സംബന്ധിച്ചാണെങ്കിലും നമുക്കറിയാം. നമ്മുടെ നിർമ്മാണപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പങ്കു വഹിക്കുന്ന ഒരു അസംസ്കൃത വസ്തുവാണത്. അങ്ങനെ പ്രകൃതി നൽകിയിട്ടുള്ള വസ്തു ഖനനം ചെയ്യുകയും, വെട്ടുകല്ല് വെട്ടിയെടുക്കുകയും, ചില്ല് നിർമ്മിക്കുകയും, വാഹനങ്ങളിൽ കയറ്റുകയും ചെയ്യുന്ന ഏതാണ്ട് മൂന്നു ലക്ഷത്തോളം വരുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ സ്ഥിതി പരമദയനീയമാണ്. അവരെ

† അനുബന്ധം - VI

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം അവർക്ക് യാതൊരു ജോലിസ്ഥിരതയുമില്ല. ജോലി സ്ഥിരതയില്ലെന്നു മാത്രമല്ല അവർക്ക് ജോലിചെയ്യുന്നതിൽ സമയക്ലിപ്തതയു മില്ല. അവർക്ക് ഒരുതരത്തിലുള്ള ആനുകൂല്യങ്ങളും ഉടമസ്ഥരിൽ നിന്നും ലഭി ക്കുന്നില്ല. ശമ്പളത്തോടു കൂടിയുള്ള അവധിയുമില്ല.

<u>ശ്രീ. എ. കണാരൻ</u> : ഈ കല്ലുവെട്ടു തൊഴിലാളികൾ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി ആയിരം കല്ലിന് ഇത്രവില എന്നുള്ള അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരല്ലേ?

<u>ശ്രീ. വി. ബാലറാം</u> : അത് പല രീതിയിലാണ്. ചില സ്ഥലത്ത്, വെട്ടു കല്ല് കൊടുക്കുന്ന സ്ഥലത്ത് അതു ശരിയാണ്. പക്ഷെ പാറപൊട്ടിക്കുന്ന കരി ങ്കൽ ക്വാറികളിൽ നിന്ന് പാറപൊട്ടിക്കുന്നതിന്റെ കണക്ക് നോക്കിയിട്ടില്ല. അതുകൊണ്ട് ചില സ്ഥലങ്ങളിലുണ്ട്, ചില സ്ഥലങ്ങളിലില്ല. അതുകൊണ്ട് ഈ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ജോലിസ്ഥിരതയില്ല. കാരണം അതിന്റെ ഉടമസ്ഥനായ ലൈസൻസുകാരനെ സംബന്ധിച്ചാണെ ങ്കിൽ ലൈസൻസെടുത്ത ക്വാറികളും ലൈസൻസില്ലാത്ത ക്വാറികളുമുണ്ട്. അവരെ സംബന്ധിച്ച് ഇഷ്ടമുള്ള തൊഴിലാളിയെ ഇഷ്ടമുള്ള ദിവസം വിളി ക്കുന്നു എന്നുള്ളതല്ലാതെ ട്രെയിഡ് യൂണിയൻ രംഗമൊക്കെ ആ രംഗത്തു ണ്ടെങ്കിലും അത് കാര്യക്ഷമമായി പലസ്ഥലത്തും പ്രവർത്തിക്കുന്നില്ലായെന്നു ള്ളതാണ് സ്ഥിതി. അതുപോലെ അവർക്ക് ശമ്പളത്തോടുകൂടിയുള്ള അവധി യില്ല. വാർദ്ധക്യകാല ആനുകൂല്യങ്ങളും ഇല്ല. അവർക്ക് എന്തെങ്കിലും അപക ടങ്ങൾ സംഭവിച്ചാൽ, എന്തെങ്കിലും ആനുകൂല്യങ്ങൾ കൊടുക്കണമെന്ന് നിയ മപരമായി യാതൊരു തരത്തിലുള്ള സുരക്ഷിതത്വവും അവരെ സംബന്ധി ച്ചില്ല. അതുകൊണ്ട്.....

<u>ശ്രീ. പാലോട് രവി</u> : നമുക്കറിയാം, ഈ മേഖലയിലെ തൊഴിലാളികൾ (സ്വകാര്യവ്യക്തികളുടെ ക്വാറികളിലാണെങ്കിലും കോൺട്രാക്ടർമാർ ഏർപ്പെ ടുത്തുന്ന ക്വാറികളിലാണെങ്കിലും) പാറപൊട്ടിക്കുന്നതിന് വെടിമരുന്ന് ഉപ യോഗിക്കാറുണ്ട്. വെടിമരുന്ന് ഉപയോഗിക്കുന്നതിന്റെ പേരിൽ പോലീസ് വന്ന് തൊഴിലാളികളെ കൂട്ടത്തോടെ അറസ്റ്റുചെയ്തുകൊണ്ട് പോവുകയാണ്. എക്സ്പ്ലോസീവ് ആക്റ്റനുസരിച്ച് കേസെടുക്കുന്നുണ്ട്. പോലീസിന്റെ ഭാഗ ത്തുനിന്നുള്ള ഹരാസ്മെൻറ് ഒരു ഭാഗത്ത്, മൈനിംഗ് ആന്റ് ജിയോളജി വകു പ്പിന്റെ ഭാഗത്തുനിന്നുള്ള ഹരാസ്മെന്റ് വേറൊരുഭാഗത്ത്. ഇതിനെല്ലാം വിധേ യരാകുന്നത് പാവപ്പെട്ട തൊഴിലാളികളാണ്. അവർക്ക് ജോലി സ്ഥിരതയില്ല. അത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. ബാലറാം</u> : സ്ഫോടകവസ്തുക്കൾ അനാവശ്യമായി സൂക്ഷി ക്കുന്ന പല സ്ഥലങ്ങളും പോലീസ് റെയ്ഡ് നടത്താറുണ്ട്. എന്നാൽ സ്ഫോട കവസ്തുക്കൾ ഉപയോഗിച്ച് പാറപൊട്ടിക്കുന്ന തൊഴിലാളികളെ പോലീസ് റെയ്ഡിന്റെ പേരിൽ പീഡിപ്പിക്കുന്ന സംഭവം നമ്മുടെ പ്രദേശങ്ങളിൽ സ്ഥിര മായിട്ടുണ്ട്. അതിന് ലൈസൻസുള്ളവരെ പീഡിപ്പിക്കുന്നതോടൊപ്പം തന്നെ അവരെ അറസ്റ്റുചെയ്ത് പോലീസിന് ഇഷ്ടമില്ലാത്ത കൽമടകളിൽ പാറപൊ ട്ടിക്കുന്നത് നിരോധിക്കുകയും പോലീസിന് ഇഷ്ടമുള്ള സ്ഥലങ്ങളിൽ പാറ പൊട്ടിക്കുവാൻ അനുവാദം കൊടുക്കുകയും ചെയ്യുന്ന നിത്യസംഭവങ്ങൾ എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെയുള്ള പ്രദേശങ്ങളിലുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള മിക്കവാറും തൊഴിലാളികൾക്ക് ക്ഷേമനിധി ഉണ്ടെങ്കിലും ഈ തൊഴിൽമേഖലയെ സംബന്ധിച്ചിടത്തോളം അതില്ല. ജീവിതത്തിൽ ഏറ്റവും കൂടുതൽ റിസ്ക് എടുത്തു പ്രവർത്തിക്കുന്നവരാണ് ഇവർ. അതായത്

LIBRARY ARCHIVES Kerala Legislative Assembly

300, 400 അടി ആഴത്തിലിറങ്ങി പാറപൊട്ടിച്ച് ലോറികളിൽ കയറ്റുന്ന പണി അവർ ചെയ്യുന്നുണ്ട്. ഫോറസ്റ്റ് ഏരിയാകളിലും ഇതുപോലെ പണിയെടുക്കുന്നുണ്ട്. ഏറ്റവും റിസ്ക്കുള്ള ഈ ജോലി ചെയ്യുന്ന അവരെ സംബന്ധിച്ചിടത്തോളം ഒരുവഴിക്കും യാതൊരു ആനുകൂല്യവും അവർക്ക് ലഭിക്കുന്നില്ല. ഇത് ഏറ്റവും വേദനാജനകമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് അവർക്ക് ജോലി സ്ഥിരത വേണം. ജോലി സമയത്തിന് ക്ലിപ്തതവേണം. മാനസിക ഉല്ലാസത്തിന് അവർക്ക് അവസരം ഉണ്ടാകണം. ഗ്രൂപ്പ് ഇൻഷ്വറൻസും, അപകട ഇൻഷ്വറൻസും വേണം. പെൻഷനും ഗ്രാറ്റിവിറ്റിയും വേണം. ഇങ്ങനെയുള്ള ഒട്ടേറെ കാര്യങ്ങൾ അവരെ സംബന്ധിച്ച് ആവശ്യമുണ്ട്. അതിന് ആവശ്യമായിട്ടുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം. അത് വളരെ വൈകിപ്പോയി എന്നാണ് എന്റെ അഭിപ്രായം. മറ്റ് പല മേഖലകളിലും ക്ഷേമനിധി ഉള്ളപ്പോൾ ഇത്രയേറെ റിസ്ക് എടുക്കുന്ന പട്ടികജാതിക്കാർ ഉൾപ്പെടെയുള്ള സമൂഹത്തിൽ ഏറ്റവും താഴെ ജീവിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണുവാൻ ഈ ബില്ല് ആവശ്യമാണ്.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം; (ചർച്ച തുടരും)

(2) 1999-ലെ കേരള സ്വകാര്യ സെക്യൂരിറ്റി ഗാർഡുകളുടെ സേവന-വേതന വ്യവസ്ഥ നിർണ്ണയവും ക്ഷേമനിധി സംസ്ഥാപനവും ബിൽ†

(ശ്രീ. ഇ.എം. അഗസ്തി നോട്ടീസ് നൽകിയത്)

ശ്രീ. ഇ.എം. അഗസ്തി : സർ, 1999-ലെ കേരള സ്വകാര്യ സെക്യൂരിറ്റി ഗാർഡുകളുടെ സേവന-വേതന വ്യവസ്ഥ നിർണ്ണയവും ക്ഷേമനിധി സംസ്ഥാപനവും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ബാലറാം : പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു.

ശ്രീ. ഇ.എം. അഗസ്തി : നമ്മുടെ സംസ്ഥാനത്ത് സുരക്ഷിതത്വ പരിപാലനത്തിന് പ്രധാന പങ്കുവഹിക്കുന്ന ഈ സെക്യൂരിറ്റി ഗാർഡുകളുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ചും അവരുടെ സുരക്ഷിതത്വം സംബന്ധിച്ചും നമ്മുടെ നാട്ടിൽ യാതൊരു നിയമവും ഇല്ലാത്ത സ്ഥിതിയാണ്. നമ്മുടെ സംസ്ഥാനത്ത് പോലീസുകാരുടെ ജോലിഭാരം വളരെ കുറച്ചുകൊണ്ടുവരുന്ന സുപ്രധാനമായ ജോലിയിൽ ഇവരാണ് ഏർപ്പെട്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെയും എല്ലാം സുരക്ഷിതത്വം ഇപ്പോൾ നിർവ്വഹിക്കുന്നത് സെക്യൂരിറ്റി ജീവനക്കാരാണ്. അവരെ റിക്രൂട്ട് ചെയ്യുന്നത് സംബന്ധിച്ചും തൊഴിൽപരമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ചും യാതൊരു നിബന്ധനയും ഇപ്പോൾ നമ്മുടെ സംസ്ഥാനത്തില്ല. ഞാൻ വിചാരിച്ചത് ബഹുമാനപ്പെട്ട മന്ത്രി ഇതിനെ എതിർക്കുകയില്ല എന്നാണ്. മുൻപ് ശ്രീ. കെ.പി. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ച

† അനുബന്ധം - VII

LIBRARY ARCHIVES Kerala Legislative Assembly